LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, തീർച്ചയായും നേരത്തെ ഉണ്ടായിരുന്ന ന്യൂനതകൾ പരിഹരിച്ച്, ജീവനക്കാരുടെ മനോഭാവത്തിന് മാറ്റമുണ്ടാകണം എന്നുള്ളത് പ്രധാനപ്പെട്ട വിഷയം തന്നെയാണ്. ആ മനോഭാവത്തിന് മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഇന്നത്തെ ആധുനിക കാലഘട്ടത്തിനനുസൃതമായ പ്രവർത്തനങ്ങൾ ഇ-ഓഫീസ് സംവിധാനത്തിലൂടെ നടപ്പാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. മാത്രമല്ല, ട്രെയിനിംഗ് എന്നുള്ള നിലയിൽ 10 ആളുകളെ സെലക്ട് ചെയ്ത് ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഇതിനോടകം തന്നെ തുടക്കം കുറിച്ചിരിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഭരണ നവീകരണ പദ്ധതിയിൽ വിവര സങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗിക്കുന്നതിനാണ് കളക്ടറേറ്റുകളിൽ ഡി.സി. സ്യൂട്ട് പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ, വില്ലേജ്, താലൂക്ക്, ജില്ലാ തലങ്ങളിൽ എസ്. എം. എസ്, കിയോസ്കുകൾ, ജില്ലാ-താലൂക്കുതല പോർട്ടലുകൾ എന്നിവവഴി ലഭ്യമാക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷം ഏതെല്ലാം സേവനങ്ങൾ ഇതിനകം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദീകരിക്കാൻ സാധിക്കുമോ; അതോടൊപ്പം ദുരന്തനിവാരണവുമായി ബന്ധപ്പെട്ട സേവനങ്ങളെ ക്കുറിച്ച് സൂചിപ്പിച്ചു. ഇടുക്കി പോലുള്ള ഒരു ജില്ലയിൽ എല്ലാസമയവും ദുരന്ത നിവാരണ ആവശ്യങ്ങൾ വർദ്ധിച്ചുവരുന്നു. ദുരന്തനിവാരണ സേനയുടെ ഉപയോഗവും ആവശ്യകതയും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഇടുക്കി കേന്ദ്രീകരിച്ച് ദുരന്തനിവാരണ സേനയുടെ പ്രത്യേക ടീമിനെ പൂർണ്ണമായും നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ഇതുമായി ബന്ധപ്പെട്ട് എം.പി.പി. പദ്ധതിക്ക് ആദ്യം തുടക്കം കുറിച്ചത് പാലക്കാട് ജില്ലയിലാണ്. പാലക്കാട് ജില്ലയിൽ 2004 ഒക്ടോബർ മാസം 26-ാം തീയതി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. Major areas covered in D.C. Suit- File Management, Arms License Module, Natural Calamity Module, Public Grievance, Revenue Recovery Module, Revenue Employee Deployment, Conference Hall Module, Inventory Module, Financial Module, Social Security Pensions Schemes, Pumping license, Library Management, Police Verification Module, Rest House Booking Module, Election Vehicle Module, Public Information Portals and Kiosks തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് എം.പി.പി. പദ്ധതി തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ജില്ലകളിലും നടപ്പാക്കാൻ അന്ന് നടപടികൾ സ്വീകരിച്ചത്.